**മൺസൂൺ തയ്യാറെടുപ്പുകളുടെ ഭാഗമായി 18/05/2020 ൽ ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ നടപടി വിവരം**

DCPTA/1463/2020-DM1

കളക്ടറേറ്റ്, പത്തനംതിട്ട
തീയതി : 18/05/2020

യോഗം രാവിലെ 10.00 മണിക്ക് ആരംഭിച്ചു.

**യോഗത്തിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ**

- ദുരിതാശ്വാസ ക്യാമ്പുകളുടെ വിവരങ്ങൾ (543 ഔദ്യോഗിക ക്യാമ്പുകൾ, 1640 അനൗദ്യോഗിക ക്യാമ്പുകൾ) അടിയന്തിരമായി Air Table Spread Sheet ൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. (നടപടി : ബന്ധപ്പെട്ട തഹസീൽദാർമാർ)
- 2018 ലെ പ്രളയത്തിൽ ജില്ലയിലെ വിവിധ ക്യാമ്പുകളിലായി താമസിച്ചിരുന്ന എല്ലാ ആളുകളുടെയും പേര്, മേൽവിലാസം, ഫോൺ നമ്പർ, മുതിർന്ന പൗരനാണോ, ഭിന്നശേഷിക്കാരനാണോ തുടങ്ങിയ വിവരങ്ങളും, റേഷൻ കാർഡ് നമ്പർ, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തുടങ്ങിയവയുടെയും ഒരു ഡേറ്റാ ബേസ്/Excel Spread Sheet തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയ്ക്ക് അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്. (നടപടി : ബന്ധപ്പെട്ട തഹസീൽദാർമാർ)
- ഓരോ വില്ലേജിലെയും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ ഉൾക്കൊള്ളുന്ന വിവരങ്ങൾ, മുൻപ് ദുരന്തങ്ങൾ ഉണ്ടായ പ്രദേശങ്ങൾ, സ്ഥലത്തെ ദുരിതാശ്വാസ ക്യാമ്പുകൾ എന്നിവയുടെ വിവരങ്ങൾ അതത് വില്ലേജ് ഓഫീസുകളിൽ തയ്യാറാക്കേണ്ടതും എല്ലാ ആളുകളുടെയും പേര്, മേൽവിലാസം, ഫോൺ നമ്പർ, മുതിർന്ന പൗരനാണോ, ഭിന്നശേഷിക്കാരനാണോ ആയത് തഹസീൽദാർമാർ ഉറപ്പുവരുത്തേണ്ടതുമാണ്. (നടപടി : ബന്ധപ്പെട്ട തഹസീൽദാർമാരും, വില്ലേജ് ഓഫീസർമാരും)
- അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നിന്ന് കുറഞ്ഞത് 500 മത്സ്യബന്ധന ബോട്ടുകളുടെ വിവരങ്ങൾ ടി ബോട്ട് ഉടമകളുടെ വിവരങ്ങൾ, ടി ബോട്ടുകളിലെ മറ്റു തൊഴിലാളികളുടെ വിവരങ്ങൾ, ഫോൺ നമ്പർ എന്നിവ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ശേഖരിക്കേണ്ടതാണ്. ആയതിലേക്കായി

റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെയും, വോളണ്ടിയർമാരുടെയും സേവനം തേടാവുന്നതാണ്. (നടപടി : ഡെപ്യൂട്ടി കളക്ടർ (ഡി.എം))

- അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിലേക്കായി കുട്ടവഞ്ചികളുടെ വിവരങ്ങൾ ബന്ധപ്പെട്ട തഹസീൽദാർമാർ ശേഖരിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ അറിയിക്കേണ്ടതാണ്. (നടപടി : ബന്ധപ്പെട്ട തഹസീൽദാർമാർ)

യോഗം 11.00 ന് അവസാനിച്ചു.

ജില്ലാ കളക്ടർ